2024
MARCH
23
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## മാനദണ്ഡങ്ങൾ ലംഘിച്ച് എയർ ഇന്ത്യ; 80 ലക്ഷം രൂപ പിഴ

**ന്യൂഡൽഹി:** ഫ്ളൈറ്റ് ഡ്യൂട്ടി സമയക്രമങ്ങളും ഫ്ലൈറ്റ് ക്രൂവിന്റെ മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും ലംഘിച്ചതിന് എയർ ഇന്ത്യയ്ക്ക് 80 ലക്ഷം രൂപ പിഴ ചുമത്തി ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ). ജനുവരിയിൽ എയർ ഇന്ത്യയുടെ സ്പോട്ട് ഓഡിറ്റ് നടത്തിയതിനു ശേഷമാണ് നിയമലംഘനങ്ങൾ പുറത്തുവന്നത്. റിപ്പോർട്ടുകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ എയർ ഇന്ത്യ ലിമിറ്റഡ് 60 വയസിനു മുകളിലുള്ള രണ്ട് വിമാന ജീവനക്കാരുമായി ചില സന്ദർഭങ്ങളിൽ ഒരുമിച്ച് പറക്കുന്നത് കണ്ടെത്തി. ഇത് വ്യോമയാന നിയമങ്ങളുടെ ലംഘനമാണെന്നാണ് അധികൃതരുടെ വിശദീകരണം.

ഫ്ലൈറ്റ് ക്രൂവിന് മതിയായ വിശ്രമം നൽകുന്നതിൽ അടക്കം കുറവുണ്ടെന്നും അന്വേഷണത്തിൽ കണ്ടെത്തി. തെറ്റായി അടയാളപ്പെടുത്തിയ പരിശീലന രേഖകൾ, ഓവർലാപ്പിംഗ് ഡ്യൂട്ടി മുതലായവയും ഓഡിറ്റിനിടെ കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു. സംഭവവുമായി ബന്ധപ്പെട്ട് ഈ മാസം ആദ്യം എയർ ഇന്ത്യയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിരുന്നു.

എയർ ഇന്ത്യയുടെ വിശദീകരണം തൃപ്തികരമല്ലെന്നും അതിനാലാണ് 80 ലക്ഷം രൂപ പിഴയീടാക്കാൻ തീരുമാനിച്ചതെന്നും ഡിജിസിഎ വ്യക്തമാക്കി. ഇന്ത്യയിലെ സിവിൽ ഏവിയേഷൻ മേഖലയിൽ ഏറ്റവും ഉയർന്ന സുരക്ഷ ഉറപ്പാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും ഈ എൻഫോഴ്സ്മെന്റ് നടപടി അതിന്റെ പ്രതിബദ്ധതയ്ക്ക് അനുസൃതമാണെന്നും ഡിജിസിഎ വ്യക്തമാക്കി.

# മോസ്കോയിൽ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ 60 പേരെ കൊലപ്പെടുത്തി

- നൂറിലേറെ പേർക്ക് പരിക്ക്
- ഉത്തരവാദിത്തം ഏറ്റെടുത്ത് ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ

**മോസ്കോ:** റഷ്യൻ തലസ്ഥാനമായ മോസ്കോയിൽ സംഗീതനിശ നടന്ന ക്രോക്കസ് സിറ്റി ഹാളിൽ 5 അക്രമികൾ നടത്തിയ വെടിവയ്പിൽ 60 പേർ മരിച്ചു. നൂറിലേറെപ്പേർക്കു പരുക്കേറ്റു. പരുക്കേറ്റവരിൽ പലരുടെയും നില ഗുരുതരമാണ്. വെടിവയ്പിനു പിന്നാലെ 2 തവണ സ്ഫോടനവുമുണ്ടായി. ഇതോടെ വൻ തീപിടിത്തവുമുണ്ടായി. തീ പടർന്ന് ഹാളിന്റെ മേൽക്കൂര ഇടിഞ്ഞുവീണു. ഭീകരാക്രമണമെന്നാണ് റഷ്യൻ വിദേശകാര്യമന്ത്രാലയം സംഭവത്തെ വിശേഷിപ്പിച്ചത്.




വെടിവയ്പ്പിനെത്തുടർന്നു പുറത്തേക്ക് ഓടിരക്ഷപ്പെടാനുള്ള തിക്കിലും തിരക്കിലും പെട്ടാണു ചിലർ മരിച്ചത്. സൈനികരുടേതുപോലുള്ള വസ്ത്രം ധരിച്ചാണ് അക്രമികൾ എത്തിയത്. ഇവരിൽ ചിലർ കെട്ടിടത്തിനുള്ളിൽ ഒളിച്ചിരിപ്പുണ്ടെന്ന നിഗമനത്തിൽ പൊലീസ് തിരച്ചിൽ ഊർജിതമാക്കി. അക്രമികൾ യന്ത്രത്തോക്ക് ഉപയോഗിച്ചു തുടരെ വെടിവയ്ക്കുന്നതിന്റെ വിഡിയോ പുറത്തുവന്നിട്ടുണ്ട്. അക്രമികളിൽ ഒരാൾ പിടിയിലായതായി റിപ്പോർട്ടുണ്ട്. ആക്രമണത്തിന്റെ ഉത്തരവാദിത്തം ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തു. ഒൻപതിനായിരത്തോളം ആളുകളെ ഉൾക്കൊള്ളാൻ കഴിയുന്ന കെട്ടിടസമുച്ചയത്തിലാണ് സംഗീത പരിപാടി നടന്നത്. വെടിവയ്പ് നടക്കുമ്പോൾ സംഭവസ്ഥലത്ത് ആറായിരത്തോളം പേർ ഉണ്ടായിരുന്നു. വാരാന്ത്യത്തിൽ നടക്കാനിരുന്ന എല്ലാ പരിപാടികളും റദ്ദാക്കിയതായി മോസ്കോ മേയർ അറിയിച്ചു. യുഎസ് അടക്കമുള്ള രാജ്യങ്ങൾ സംഭവത്തെ അപലപിച്ചു.

# രൂപയുടെ മൂല്യം 83.42

**കൊച്ചി**: അമെരിക്കയിലെ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് സാമ്പത്തിക മേഖല മികച്ച വളർച്ച നേടുമെന്ന ആത്മവിശ്വാസം പ്രകടിപ്പിച്ചതോടെ ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളർ ശക്തിയാർജിച്ചു. ഇതോടൊപ്പം വ്യാഴാഴ്ച റെക്കോഡ് ഉയരത്തിലെത്തിയ സ്വർണത്തിന് കനത്ത വിൽപ്പന സമ്മർദം നേരിട്ടു. നിക്ഷേപ വിശ്വാസം കൂടിയതോടെ യുഎസ് ബോണ്ടുകളുടെ മൂല്യം ഉയർന്നതാണ് കമ്പോള ഉത്പന്നങ്ങളുടെ വിലയിൽ ഇടിവുണ്ടാക്കിയത്. അതേസമയം ഡോളറിനെതിരെ രൂപയുടെ മൂല്യം ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിരക്കിലെത്തി.

ചൈനീസ് യുവാൻറെ മൂല്യത്തകർച്ചയും കയറ്റുമതിക്കാർ വർഷാവസാനത്തോടെ ഡോളർ വാങ്ങിക്കൂട്ടിയതുമാണ് ഇന്ത്യൻ രൂപയിൽ വിൽപ്പന സമ്മർദം ശക്തമാക്കിയത്. ഇന്നലെ ഡോളറിനെതിരെ രൂപയുടെ മൂല്യം 0.3 ശതമാനം ഇടിഞ്ഞ് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിരക്കായ 83.42ൽ വ്യാപാരം പൂർത്തിയാക്കി. വ്യാഴാഴ്ച രൂപയുടെ മൂല്യം



83.14 ആയിരുന്നു.

അമെരിക്കയിലെ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് കഴിഞ്ഞ ദിവസം സാമ്പത്തിക വളർച്ച സംബന്ധിച്ച് ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചതോടെ ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളർ തുടർച്ചയായി കരുത്താർജിക്കുകയാണ്. രൂപയ്ക്ക് പിന്തുണയായി റിസർവ് ബാങ്ക് പൊതുമേഖലാ ബാങ്കുകൾ വഴി ഡോളർ വിറ്റഴിച്ചെങ്കിലും കാര്യമായ ഗുണമുണ്ടായില്ല. ഏഷ്യയിലെ മറ്റ് നാണയങ്ങളും ഇന്നലെ ഡോളറിനെതിരെ വലിയ തകർച്ച നേരിട്ടു. ഡോളറിലേക്ക് നിക്ഷേപകർ വലിയ തോതിൽ പണം മാറ്റിയതോടെ രാജ്യാന്തര വിപണിയിൽ സ്വർണ വില ഔൺസിന് 2,168 ഡോളറിലേക്ക് താഴ്ന്നു. ഇതോടെ സംസ്ഥാനത്ത് സ്വർണ വില ഇന്നലെ പവന് 360 രൂപ കുറഞ്ഞ് 49,080 രൂപയിലെത്തി. ഗ്രാമിൻറെ വില 45 രൂപ ഇടിഞ്ഞ് 6,135 രൂപയായി. മൾട്ടി കമ്മോഡിറ്റി എക്സ്ചേഞ്ചിൽ സ്വർണം പത്ത് ഗ്രാമിൻറെ വില 875 രൂപ ഇടിഞ്ഞ് 66,575ൽ അവസാനിച്ചു. അതേസമയം അടുത്തവാരം വീണ്ടും സ്വർണ വില മുകളിലേക്ക് നീങ്ങാൻ സാധ്യതയുണ്ടെന്ന് അനലിസ്റ്റുകൾ പറയുന്നു. അതേസമയം ഇന്ത്യ ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിലെ ഓഹരി വിപണികൾ ഇന്നലെ നേട്ടമുണ്ടാക്കി. വിദേശ നിക്ഷേപകർ പൂർവാധികം ശക്തിയോടെ ഓഹരികളിലേക്ക് പണമൊഴുക്കിയതാണ് നേട്ടമായത്.






# 550 ഡി ടിഎംടി ബാറുകൾ അവതരിപ്പിച്ച് എ ആർ എസ് ഗ്രൂപ്പ്

**കൊച്ചി:** എ ആർ എസ് ഗ്രൂപ്പ് നൂതനമായ സി ആർ എസ് 550ഡി ടിഎംടി ബാറുകൾ വിപണിയിൽ അവതരിപ്പിച്ചു. എല്ലാത്തരം നിർമ്മാണങ്ങൾക്കും അനുയോജ്യവും മികച്ച ഭൂകമ്പ പ്രതിരോധവും നൽകുന്ന തരത്തിലാണ് പുതിയ ഉൽപ്പന്നം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും ഒപ്റ്റിമൽ ഡക്റ്റിലിറ്റി ഘടകമാണ് ഇതിനെ വേറിട്ടു നിർത്തുന്നതെന്നും എ ആർ എസ് ഗ്രൂപ്പ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ അശ്വനി കുമാർ ഭാട്ടിയ പറഞ്ഞു.

എ ആർ എസ് ഉൽപ്പന്നങ്ങളിൽ ക്യു ആർ കോഡുകളും അവതരിപ്പിച്ചിട്ടുണ്ട്. ടിഎംടി ബാറുകൾക്ക് ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്നും ചേരുവകളുടെ ശരിയായ അനുപാതം അടങ്ങിയിട്ടുണ്ടെന്നും സ്കാൻ ചെയ്യാനും പരിശോധിക്കാനും ഉപഭോക്താക്കളെ ഇത് സഹായിക്കും. ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ലാതെ സ്പെക്ട്രോമീറ്ററുകൾ ഘടിപ്പിച്ച മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ അവതരിപ്പിച്ച് ഉപഭോക്താവിന് സൗകര്യപ്രദമായ സ്ഥലത്ത് സ്റ്റീലിന്റെ ഓൺസൈറ്റ് ടെസ്റ്റിംഗ് സാധ്യമാക്കുന്നു. നിർമ്മാണ സാമഗ്രി വ്യവസായത്തിൽ സുതാര്യതയും വിശ്വാസ്യതയും ഉറപ്പുവരുത്തുന്ന ഈ ടെക്‌വാനുകൾ രാജ്യത്തെ നിർമാണ മേഖലയിൽ ആദ്യമാണ്.കഴിഞ്ഞ ജൂലൈയിൽ, ടിഎംടി ബാറുകളെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കുന്നതിനായി ടെക്‌വാനുകളുമായി എ ആർ എസ് ഗ്രൂപ്പ് ദക്ഷിണേന്ത്യയിലുട നീളം പ്രചാരണം നടത്തിയിരുന്നു.

ടെക്‌വാനുകൾ 2,34,223 കിലോമീറ്ററിലധികം സഞ്ചരിക്കുകയും 28,770 ടെസ്റ്റുകൾ തികച്ചും സൗജന്യമായി നടത്തുകയും 1,80,000 ഉപഭോക്താക്കൾക്ക് അവരുടെ നിർമ്മാണത്തിന് അനുയോജ്യമായ ടിഎംടി ബാറുകൾ എങ്ങനെ തിരഞ്ഞെടുക്കാം എന്നതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്തു. 4 കോടിയിലധികം രൂപ വിലമതിക്കുന്ന ഈ പരിശോധനകൾ എ ആർ എസ് പൊതുജനങ്ങൾക്ക് സൗജന്യമായാണ് ചെയ്തത്. നിലവിൽ സ്പെക്ട്രോമീറ്റർ ഉള്ള 13 ടെക്‌വാനുകളാണ് ദക്ഷിണേന്ത്യയിൽ പര്യടനം നടത്തുന്നത്.സാധാരണക്കാർ തങ്ങളുടെ നിർമ്മാണ ആവശ്യങ്ങൾക്ക് വിലകുറഞ്ഞ വസ്തുക്കൾ തിരഞ്ഞെടുക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണെന്നും നിർമ്മാണ സാമഗ്രികളെ കുറിച്ചുള്ള അവബോധമില്ലായ്മ, ഗുണനിലവാരമുള്ള സാമഗ്രികളുടെ ലഭ്യതക്കുറവ്, സാമ്പത്തികലാഭം എന്നിവയാണ് ഉപഭോക്താക്കളെ ഇതിനു പ്രേരിപ്പിക്കുന്നതെന്നും അശ്വനി കുമാർ ഭാട്ടിയ പറഞ്ഞു. ഇതേ കുറിച്ച അവബോധമില്ലാത്ത ഉപഭോക്താവ് കെണിയിൽ വീഴുകയും ഗുണനിലവാരമില്ലാത്ത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുകയും ചെയ്യുന്നു. ഇത് നിർമ്മാണത്തിലെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പൊതുജന പിന്തുണ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ, 2025 മാർച്ചോടെ പ്രചാരണത്തിനായി 12 സാങ്കേതിക വാഹനങ്ങൾ കൂടി ഉൾപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

പൊതു അവബോധം സൃഷ്ടിക്കുന്നതിനൊപ്പം റോഡ് കാമ്പെയ്ൻ ഉപഭോക്തൃ ആവശ്യത്തെക്കുറിച്ചുള്ള മികച്ച ഉൾക്കാഴ്ചയും നൽകിയെന്നും ഇതിന്റെ ഫലമാണ് സിആർഎസ് 550ഡി എന്നും അശ്വനി കുമാർ ഭാട്ടിയ പറഞ്ഞു. ഈ സ്പെസിഫിക്കേഷന്റെ ഉൽപ്പന്നങ്ങൾ ഇതിനകം വിപണിയിൽ നിലവിലുണ്ടെങ്കിലും, ഉയർന്ന ചെലവ് കാരണം അവ വലിയ തോതിലുള്ള നിർമ്മാണങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നത്. ചില്ലറ വിൽപ്പനക്കാർക്ക് ഭാവിയിലെ പരിതസ്ഥിതികൾക്ക് അനുയോജ്യമായ സുസ്ഥിരമായ നിർമ്മാണങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ താങ്ങാനാവുന്ന വിലയിലാണ് പുതിയ ടിഎംടി ബാറുകൾ വിപണിയിൽ അവതരിപ്പിച്ചതിനും അദ്ദേഹം പറഞ്ഞു.



## ഐകൂ നിയോ 9 പ്രോ വിവിധ വേരിയന്റ് അവതരിപ്പിച്ചു

**കൊച്ചി:** ഐകൂ നിയോ സീരീസിൽ നിന്ന് മറ്റൊരു പവർപാക്ക്ഡ് സ്മാർട്ട് ഫോൺ ആയ ഐകൂ നിയോ 9 പ്രോ 8 ജിബി, 128 ജിബി വേരിയന്റ് അവതരിപ്പിച്ചു.

8 ജിബി, 128 ജിബി പതിപ്പിന് 32,999 രൂപയിൽ നിന്ന് ലഭ്യമാകും. ക്യുവൽകോം സ്നാപ്ഡ്രാഗൺ 8 ജനറേഷൻ 2 പ്ലാറ്റ്ഫോമിലുള്ള ഐക്യൂ നിയോ 9 പ്രോ ഫിയറി റെഡ്, കോൺക്വറർ ബ്ലാക്ക് കളർ ഓപ്ഷനുകളിൽ ലഭ്യമാകും

## സൗരഭ് വത്സ നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ



**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറായി (എംഡി) സൗരഭ് വത്സയെ നിയമിച്ചു. ഏപ്രിൽ 01 മുതൽ ചുമതലയേൽക്കും. ഈ വർഷം ജനുവരി 15ന് കമ്പനി സൗരഭ് വത്സയെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറായി നിയമിച്ചിരുന്നു.

ഈ വർഷം വിരമിക്കുന്ന നിലവിലെ മാനേജിംഗ് ഡയറക്ടർ രാകേഷ് ശ്രീവാസ്തവക്ക് പിൻഗാമിയാണ് സൗരഭ് വത്സ വരുന്നത്. രാകേഷിന്റെ മേൽനോട്ടത്തിലാണ് വില്പനയിൽ മുന്നിലുള്ള മാഗ്നൈറ്റ് ബിഎസ്‌യുവി നിസാൻ അവതരിപ്പിച്ചത്. നിസാൻ മാഗ്നൈറ്റ് 2020ൽ അവതരിപ്പിച്ചതു മുതൽ ഈ വർഷം ഫെബ്രുവരി വരെ 100,000ലധികം ആഭ്യന്തര വിൽപ്പന കൈവരിച്ചിട്ടുണ്ട്. 2020ൽ പ്രൊജക്റ്റ് മാഗ്നൈറ്റിനും 2022ൽ നിസാൻ ഇന്ത്യ ബിസിനസ് ട്രാൻസ്ഫോർമേഷൻ പ്ലാനിനും ഗ്ലോബൽ നിസാൻ പ്രസിഡന്റ് അവാർഡും അദ്ദേഹത്തിന്റെ കാലയളവിൽ കമ്പനി നേടിയിട്ടുണ്ട്.

2024 സാമ്പത്തിക വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ രാകേഷ് സ്ഥാപിച്ച അടിത്തറയിൽ നിന്നുകൊണ്ട് വളർച്ചയുടെ അടുത്ത ഘട്ടത്തിന് സൗരഭ് വത്സ നേതൃത്വം നൽകുമെന്ന് നിസാൻ ഇന്ത്യ ഓപ്പറേഷൻസ് പ്രസിഡന്റ് ഫ്രാങ്ക് ടോറസ് പറഞ്ഞു. ഇന്ത്യയിലെ വളർച്ചാ പദ്ധതികളുടെ ഈ നിർണായക ഘട്ടത്തിൽ നിസാന്റെ ഭാഗമാകുന്നതിൽ ആവേശഭരിതനാണ് താനെന്ന് സൗരഭ് വത്സ പറഞ്ഞു.

# ഐഐടി മദ്രാസ്സിൽ ബിഎസ് ഡിഗ്രി പ്രോഗ്രാമുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഐഐടി മദ്രാസ്സിൽ നാല് വർഷത്തെ ബിഎസ് ഡിഗ്രി പ്രോഗ്രാമുകൾക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ഡേറ്റ സയൻസ് ആൻഡ് ആപ്ലിക്കേഷൻസ്, ഇലക്ട്രോണിക് സിസ്റ്റംസ് എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. ഈ രണ്ട് പ്രോഗ്രാമുകൾക്കും ഇന്ത്യയിൽ എവിടെയുമുള്ള, ഏത് പ്രായത്തിലുമുള്ളവർക്കും ചേരാവുന്നതാണ്. വിദ്യാർത്ഥികൾക്ക് അവരുടെ റഗുലർ ഡിഗ്രികളോടൊപ്പം ഈ ഡിഗ്രി പ്രോഗ്രാമുകളും പഠിക്കാം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 75% വരെ സ്കോളർഷിപ്പുകൾ ലഭിക്കും.

അപേക്ഷിക്കാനുള്ള അവസാന തീയതി 2024 മെയ് 26 ആണ്. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ https://study.iitm.ac.in/ds , https://study.iitm.ac.in/es എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ (ജെഇഇ) എഴുതാതെ ഒരു സെൽഫ് കണ്ടെയിൻഡ് ക്വാളിഫയർ പ്രോസസ്സിലൂടെ വിദ്യാർത്ഥികൾക്ക്



ഈ പ്രോഗ്രാമിൽ ചേരാം. ജെഇഇ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് നേരിട്ടും അഡ്മിഷൻ എടുക്കാം. ഇലക്ട്രോണിക് സിസ്റ്റംസ് പ്രോഗ്രാമിൽ തിയറി ക്ലാസുകളും ലബോറട്ടറി കോഴ്സുകളുമുണ്ട്. വിദ്യാർത്ഥികൾക്ക് വീട്ടിലിരുന്ന് ചെയ്ത് തങ്ങളുടെ കണ്ടെത്തലുകൾ സബ്മിറ്റ് ചെയ്യാവുന്ന തരത്തിലാണ് ലാബ് എക്സ്പെരിമെന്റുകൾ തയ്യാറാക്കിയിരിക്കുന്നത്. ഫൈനൽ ഇവാല്യുവേഷന് വിദ്യാർത്ഥികൾ മദ്രാസ്സ് ക്യാമ്പസ് സന്ദർശിക്കണം.എഞ്ചിനീയറിംഗ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ്, ഇക്കണോമിക്സ്, സയൻസ്, നിയമം, മെഡിസിൻ തുടങ്ങി എല്ലാ സ്ട്രീമുകളിലെയും വിദ്യാർത്ഥികൾക്ക് ഡാറ്റാ സയൻസ് ആൻഡ് ആപ്ലിക്കേഷനിലും പ്ലസ് ടുവിൽ കണക്കും ഫിസിക്സും പഠിച്ചവർക്ക് ഇലക്ട്രോണിക്സ് സിസ്റ്റത്തിലെ ബിഎസ്നും അപേക്ഷിക്കാം.

നിലവിൽ, ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള 25,000ത്തിലധികം വിദ്യാർത്ഥികൾ ഈ പ്രോഗ്രാമുകൾ ചെയ്യുന്നുണ്ട്. കണ്ടന്റ് ഡെലിവറി ഓൺലൈനിൽ ചെയ്യാം, പ്രതിമാസ ഇൻപേഴ്സൺ പരീക്ഷകൾ രാജ്യത്തെ 150ൽ പരം നഗരങ്ങളിലുള്ള പരീക്ഷാ സെന്ററുകളിൽ ഞായറാഴ്ചകളിൽ നടത്തും.



**കടമക്കുടി ഗ്രാമപഞ്ചായത്ത്, നാഷനൽ ഹൈവേ അതോറിറ്റി, ഡിടിപിസി എന്നിവയുടെ സഹകരണത്തോടെ നിഹാര റിസോർട്ട് ആൻഡ് സ്പാ നടപ്പാക്കുന്ന ഒരു വർഷത്തെ ജലസംരക്ഷണ പദ്ധതിയുടെ കർമരേഖ റിസോർട്ട് എക്സി. ഡയറക്ടർ വിശാൽ കോശി കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസന്റ് എം ജിക്ക് കൈമാറുന്നു.**

# കടമക്കുടി ജലസംരക്ഷണ പദ്ധതിക്ക് തുടക്കമായി

**കൊച്ചി:** കടമക്കുടി ഗ്രാമപഞ്ചായത്ത്, നാഷനൽ ഹൈവേ അതോറിറ്റി, ഡിടിപിസി എന്നിവയുടെ സഹകരണത്തോടെ നിഹാര റിസോർട്ട് ആൻഡ് സ്പാ നടപ്പാക്കുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന കടമക്കുടി ജലസംരക്ഷണ പദ്ധതിക്ക് ആഗോള ജലദിനത്തിൽ തുടക്കമായി. സീനിയർ കൺസർവേഷൻ ബയോളജിസ്റ്റും മൂവാറ്റുപുഴ നിർമല കോളേജിലെ സുവോളജി അസി. പ്രൊഫസറുമായ ജിജി ജോസഫ് മോഡറേറ്ററായി. വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന 14 തുരുത്തുകളാണെങ്കിലും കടമക്കുടിയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്ന് ചടങ്ങിൽ സംസാരിച്ച പഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസന്റ് എൻ ജി പറഞ്ഞു. ഇതുകണക്കിലെടുത്ത് എല്ലാ പങ്കാളികളേയും സമന്വയിപ്പിച്ചുള്ള ഒരു കർമപദ്ധതിക്കാണ് നിഹാര തുടക്കം കുറിച്ചിരിക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ എം തോമസ് വർഗീസ് പറഞ്ഞു. പ്രാദേശിക വളണ്ടിയർമാരുടെ സഹകരണത്തോടെ മാസം തോറും ക്ലീനപ്പ് ഡ്രൈവ്, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ, സൈനേജുകൾ സ്ഥാപിക്കൽ, ബ്യൂട്ടിഫിക്കേഷൻ പദ്ധതികൾ, സിസിടിവികൾ സ്ഥാപിക്കൽ, റീസൈക്ലിംഗ് പദ്ധതികൾ നടപ്പാക്കൽ, മാലിന്യശേഖരണം, സുസ്ഥിരകൃഷി പ്രോത്സാഹനം, കടമക്കുടി ടൂറിസം വികസനം, പരിസ്ഥിതി വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടികൾ എന്നിവ ഉൾപ്പെട്ടതാണ് ഒരു വർഷത്തെ ജലസംരക്ഷണ പദ്ധതി.



# ഗെയിം ഡെവലപർ കോൺഫറൻസിൽ ആദ്യമായി ഇന്ത്യൻ പവിലിയൻ

**കൊച്ചി:** ഗെയിം ഡെവലപർ കോൺഫറൻസിൽ ഇതാദ്യമായി ആരംഭിച്ച ഇന്ത്യൻ പവിലിയൻ സാന് ഫ്രാന്സിസ്കോ ഇന്ത്യൻ കോൺസലേറ്റിലെ കോൺസൽ ജനറൽ ഡോ. കെ ശ്രീകാർ റെഡ്ഡിയും ഡെപ്യൂട്ടി കോൺസൽ ജനറൽ രാകേഷ് അദ്‌ലാഖും യുഎസ്ഇന്ത്യ സ്ട്രാറ്റജിക് പാർട്ട്ണർ ഫോറം പ്രസിഡൻറും സിഇഒയുമായ ഡോ. മുകേഷ് ആഘിയും അടക്കമുള്ളവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

ഇന്ത്യയിലെ ഏറ്റവും വലിയ ഗെയിമിങ് സ്ഥാപനമായ വിൻസോ ഇന്ത്യ ഗെയിം ഡെവലപർ കോൺഫറൻസുമായി ചേർന്നാണ് പവലിയിൻ സ്ഥാപിച്ചത്. വിവിധങ്ങളായ ഗെയിമിങ് സംവിധാനങ്ങളുമായുള്ള ഇന്ത്യയിൽ നിന്നുള്ള സ്ഥാപനങ്ങളുടെ മുന്നേറ്റമാണ് ഈ പവിലിയൻ അവതരിപ്പിക്കുന്നത്.

ഗെയിമിങ് സംവിധാനങ്ങളിലെ ഇന്ത്യയുടെ സാങ്കേതികവിദ്യാ മുന്നേറ്റവും പുതുമകളും സാക്ഷ്യപ്പെടുത്തുന്നതാണ് കോൺഫറൻസിലെ ഇന്ത്യയുടെ പങ്കാളിത്തമെന്ന് വിൻസോ സഹസ്ഥാപകൻ പവൻ നന്ദ പറഞ്ഞു. ഇന്ത്യ അമേരിക്കാ ബന്ധത്തിലെ നിർണായക നാഴികക്കല്ലാണ് ഇന്ത്യ പവിലിയൻറെ ഉദ്ഘാടനമെന്ന് ഡോ. മുകേഷ് ആഘി പറഞ്ഞു

# കേരളത്തിലെ പ്രീപെയ്ഡ് ഉപഭോക്താക്കൾക്കായി ഇ സിം അവതരിപ്പിച്ച് വി

**കൊച്ചി:** മുൻനിര ടെലികോം സേവനദാതാക്കളായ വി കേരളത്തിലെ പ്രീപെയ്ഡ് ഉപഭോക്താക്കൾക്കായി ഇസിം അവതരിപ്പിച്ചു. ദശലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് തടസങ്ങളില്ലാത്തതും വേഗതയേറിയതും പരിസ്ഥിതി സൗഹൃദവുമായ കണക്ടിവിറ്റി ലഭ്യമാക്കാനുള്ള നീക്കത്തിലെ നിർണായക ചുവടുവെപ്പാണിത്.

ഇസിം ഉപയോഗിക്കാനാവു സ്മാർട് ഫോണുകളിലും സ്മാർട് വാച്ചുകളിലും വി ഉപഭോക്താക്കൾക്ക് ഇത് പ്രയോജനപ്പെടുത്താം. ഒരൊറ്റ ഉപകരണത്തിൽ തര വിവിധ പ്രൊഫൈലുകളെ പിന്തുണക്കുതാണ് ഇസിം. അതിനാൽ ആദ്യ സിം കാർഡ് മാറ്റാതെ തര രണ്ടാമത്തെ സിം ഉപയോഗിക്കാം. ഇതിനു പുറമെ സുസ്ഥിരതയും അതിവേഗ കണക്ടിവിറ്റിയും പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗവും ഇതിലൂടെ സാധ്യമാകും. പുതിയ നീക്കത്തിലൂടെ പോസ്റ്റ്പെയ്ഡ്, പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് തങ്ങളുടെ ഹാൻഡ് സെറ്റിൽ ഇസിം ഉപയോഗിക്കാനുള്ള സൗകര്യമാണു നിലവിൽ വിരിക്കുത്.

ഉപഭോക്താക്കൾക്ക് സൗകര്യവും, മൂല്യവും ഉള്ള സേവനങ്ങൾ അവതിപ്പിക്കുതിലാണ് വി വിശ്വസിക്കുതെും ഉപഭോക്താക്കളുടെ വളരുന്ന വരു ആവശ്യങ്ങൾ നിറവേറ്റതിന് ഒപ്പം സുസ്ഥിരമായ ഭാവിക്കായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുതു കൂടിയാണ് ഇസിം അവതരിപ്പിച്ചതിലൂടെ സാധ്യമാകുതെും വോഡഫോ ഐഡിയ കേരളാതമിഴ്നാട് ക്ലസ്റ്റർ ബിസിനസ് മേധാവി ആർ ശാന്താറാം പറഞ്ഞു.

വി ഇസിം ലഭിക്കാൻ 199 ലേക്ക് 'ഇസിം <സ്പേസ്> രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡി' സഹിതം ഒരു എസ്എംഎസ് അയയ്ക്കുക. സ്ഥിരീകരണ എസ്എംഎസ് ലഭിച്ച് 15 മിനിറ്റിനുള്ളിൽ ഇസിം മാറ്റാനുള്ള അഭ്യർത്ഥന സ്ഥിരീകരിക്കുതിന് ഉപഭോക്താവ് 'ഇസിംവൈ' എ് മറുപടി നൽകേണ്ടതാണ്. ഒരു കോളിലൂടെ സമ്മതം അഭ്യർത്ഥിക്കു മറ്റൊരു എസ്എംഎസും ഉപഭോക്താവിന് ലഭിക്കും.

കോളിൽ സമ്മതം നൽകിയ ശേഷം ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡിയിൽ ഒരു ക്യുആർ കോഡ് ലഭിക്കും, അത് സെറ്റിങ്സ് > മൊബൈൽ ഡാറ്റ > ഡാറ്റ പ്ലാൻ എതിൽ പോയി സ്കാൻ ചെയ്യണം.

ഉപകരണത്തിൽ ഡിഫോൾട് ലൈൻ (പ്രൈമറി/സെക്കൻഡറി) തിരഞ്ഞെടുത്ത് പൂർത്തിയായി എ് ക്ലിക്കുചെയ്യുക. ഇസിം 30 മിനിറ്റിനുള്ളിൽ ആക്ടീവാകും.

പുതിയ ഉപഭോക്താക്കൾക്ക് അവരുടെ ഐഡന്റിറ്റി പ്രൂഫ് സഹിതം അടുത്തുള്ള വി സ്റ്റോർ സന്ദർശിച്ച് ഇസിം ആക്ടീവാക്കാം. വി ഇസിം ഐഒഎസ്, ആൻഡ്രോയിഡ് സ്മാർട്ഫോണുകളിൽ ലഭ്യമാണ്.

# ടാറ്റ എഐഎ റൈസിങ് ഇന്ത്യ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റാ എഐഎ ലൈഫ് റൈസിങ് ഇന്ത്യ ഫണ്ട് അവതരിപ്പിച്ചു. ഇന്ത്യയുടെ സാമ്പത്തിക വികസനത്തേയും സ്വാശ്രയത്വത്തേയും മുന്നോട്ടു നയിക്കുന്ന ഉയർന്ന വളർച്ചയുള്ള മേഖലകളിൽ നിക്ഷേപിക്കുന്നതിലാവും പുതിയ ഫണ്ട് ശ്രദ്ധ കേന്ദ്രീകരിക്കുക. 2024 മാർച്ച് 31ന് അവസാനിക്കുന്ന എൻഎഫ്ഒയ്ക്ക് ശേഷം അതേ ദിവസം തന്നെ യൂണിറ്റുകളുടെ വിതരണവും നടത്തും.

കഴിഞ്ഞ ഒരു വർഷത്തിൽ പുറത്തിറക്കിയവ അടക്കം ടാറ്റാ എഐഎയുടെ മുൻ ഫണ്ടുകൾ എല്ലാം തന്നെ അടിസ്ഥാന സൂചികകളേക്കാൾ മികച്ച പ്രകടനം കാഴ്ച വെച്ചിട്ടുണ്ട്. ടാറ്റാ എഐഎ കൈകാര്യം ചെയ്യുന്ന ആസ്തികളിൽ 95.25 ശതമാനവും 2024 ജനുവരി 31ന് അവസാനിച്ച അഞ്ചു വർഷ കാലയളവിൽ 4 സ്റ്റാർ അല്ലെങ്കിൽ 5 സ്റ്റാർ റേറ്റിങാണു നേടിയിട്ടുള്ളതെന്ന് മോണിങ് സ്റ്റാർ റേറ്റിങ്സ് സൂചിപ്പിക്കുന്നു. 2024 ഫെബ്രുവരി 29 ലെ കണക്കുകൾ പ്രകാരം കമ്പനി ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 96,532 കോടി രൂപയാണ്.

2024 മാർച്ച് 31ന് അവസാനിക്കുന്ന എൻഎഫ്ഒയിൽ യൂണിറ്റ് ഒന്നിന് പത്തു രൂപ നിരക്കിലാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇന്ത്യയുടെ വികസന ഗാഥയിൽ ഉപഭോക്താക്കൾക്കു പങ്കാളികളാകാൻ അവസരമൊരുക്കുന്ന വിധത്തിലാണ് പദ്ധതി.

ആത്മനിർഭർ ഭാരത് നീക്കത്തെ ത്വരിതപ്പെടുത്തുന്ന മുഖ്യ മേഖലകളിലും കമ്പനികളിലുമായിരിക്കും റൈസിങ് ഇന്ത്യ പദ്ധതി നിക്ഷേപിക്കുക. അടിസ്ഥാന സൗകര്യം, നിർമാണം, ബാങ്കിങ്, ഡിജിറ്റൽ, പ്രതിരോധം തുടങ്ങിയ മേഖലകൾ ഇതിൽ ഉൾപ്പെടുന്നു. വിവിധ വിപണി തലങ്ങളിലുള്ള കമ്പനികളിൽ ഇതു നിക്ഷേപം നടത്തും.




പദ്ധതിയുടെ നിക്ഷേപങ്ങളിൽ 70 മുതൽ 100 ശതമാനം വരെ ഓഹരികളിലും അനുബന്ധ നിക്ഷേപങ്ങളിലുമായിരിക്കും. 0 മുതൽ 30 ശതമാനം വരെ ഡെറ്റ്, മണി മാർക്കറ്റ് നിക്ഷേപങ്ങളിലായിരിക്കും

ടാറ്റാ എഐഎ പോളിസി ഉടമകൾക്ക് പ്രോഫിറ്റ്, പരം രക്ഷക് പ്ലസ് സൊലൂഷൻ, പരം രക്ഷക് 2 സൊലൂഷൻ, പരം രക്ഷക് ആർഒപി സൊലൂഷൻ, പരം രക്ഷക് 4 സൊലൂഷൻ, പരം രക്ഷക് പ്രോ സൊലൂഷൻ, പരം രക്ഷക് എലൈറ്റ് സൊലൂഷൻ തുടങ്ങിയ വിവിധ പദ്ധതികളിലൂടെ നിക്ഷേപം നടത്താനാവും. ഓഹരികളുടെ ദീർഘകാല വളർച്ചാ സാധ്യതയും ലൈഫ് ഇൻഷുറൻസ് പരിരക്ഷയും ഒരുമിച്ച് പ്രയോജനപ്പെടുത്താൻ ഇതു സഹായകമാകും.

അതിവേഗം വളരുന്ന സുപ്രധാന സമ്പദ്ഘടനയായി ആഗോളതലത്തിൽ വലിയ പ്രതിഫലനമാണ് കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യ പ്രകടിപ്പിച്ചതെന്ന് ടാറ്റാ എഐഎ ചീഫ് ഇൻവെസ്റ്റ്മെൻറ് ഓഫിസറും എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറുമായ ഹർഷദ് പാട്ടീൽ പറഞ്ഞു. ഈ യാത്രയിൽ പങ്കാളികളാകാനുള്ള അവസരമാണ് ഈ പദ്ധതിയിലൂടെ തങ്ങൾ ഉപഭോക്താക്കൾക്കു നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. ടാറ്റാ എഐഎയുടെ യുലിപ് പദ്ധതികളിലൂടെ തങ്ങളുടെ ഉപഭോക്താക്കൾ എപ്പോഴും ദീർഘകാല വളർച്ചാ സാധ്യതയിലൂടെ നേട്ടമുണ്ടാക്കിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# കനത്ത ചൂടിൽ കൃഷി നാശമേറുന്നു; കർഷകർക്ക് ആശങ്ക

**ചടയമംഗലം:** വേനലിൽ കടുത്ത ചൂടിൽ വൻ കൃഷി നാശം. ചുട്ടുപൊള്ളുന്ന വെയിലിൽ പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയും. ചൂടേറ്റു വാഴകൾ നശിക്കുന്നത് പതിവായതോടെ കർഷകർക്കു വൻ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. റബർ കർഷകരുടെ സ്ഥിതിയും മറിച്ചല്ല. നൂറുകണക്കിനു വാഴകൾ ആണ് നശിച്ച് പല കർഷകർക്കും നഷ്ടമുണ്ടായിരിക്കുന്നത്. കുലച്ചതും കുലയ്ക്കാത്തതും ആയ വാഴകൾ ഒടിഞ്ഞു വീഴുകയാണ്.

കുലച്ചു പാകമാകും മുൻപ് വാഴകൾ നശിക്കുന്നത് കർഷകർക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. ചടയമംഗലം പഞ്ചായത്തിൽ വരുന്ന മഞ്ഞപ്പാറയിൽ അഫ്സൽ കോട്ടേജിൽ അബ്ദുൽ മനാഫിന്റെ നൂറുകണക്കിന് വാഴകൾ നശിച്ചു.ചടയമംഗലം, കടയ്ക്കൽ, ഇട്ടിവ, നിലമേൽ, ചിതറ, കുമ്മിൾ പഞ്ചായത്തുകളിൽ കർഷകർക്ക് വൻ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. പഞ്ചായത്തിലും കൃഷിഭവനുകളിലും! നഷ്ടപരിഹാരം ആവശ്യപ്പെട്ട് പരാതി നൽകിയാൽ ഒന്നും ലഭിക്കുന്നില്ലെന്നു കർഷകർ പറയുന്നു.

കൃഷി ഭവൻ വഴി നൽകുന്ന പരാതിക്ക് ചിലപ്പോൾ ചെറിയൊരു നഷ്ടപരിഹാരം കിട്ടിയേക്കും. അതിനും കൃത്യത ഇല്ല.റബറിനെയും ഉണക്ക് ബാധിച്ചു. റബർ മരങ്ങളിൽ ഇലകൾ കരിഞ്ഞു ഉണങ്ങിയ നിലയിൽ ആണ്. കൃഷി വകുപ്പിന്റെ കടയ്ക്കൽ വിത്തുൽപാദന കേന്ദ്രത്തിൽ നെൽക്കൃഷി നടത്താൻ ആകാത്ത സ്ഥിതിയാണ്. ചില സ്ഥലങ്ങളിലെ നെൽക്കൃഷി കരിഞ്ഞുണങ്ങി. ഫാമിനകത്തെ കുളങ്ങളിലും വെള്ളം കുറഞ്ഞു. ഫാമിനകത്തു കൂടിയുള്ള തോടും വറ്റി വരണ്ടു.



# നീരൊഴുക്ക് കുറഞ്ഞ് പമ്പ

**വെച്ചൂച്ചിറ:** കടുത്ത ചൂടിൽ പമ്പാനദിക്കും ദാഹം. നീരൊഴുക്ക് നിലച്ചു. ചൂടിന്റെ കാഠിന്യം വർധിച്ചാൽ എരുമേലി, വെച്ചൂച്ചിറ എന്നീ ജലവിതരണ പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെടും. പമ്പാനദിയിൽ പൂവത്തുംമൂട് കടവിനു മുകൾ ഭാഗത്താണ് നീരൊഴുക്ക് നിലച്ചത്. പാറയിടുക്കുകളിൽ കെട്ടിക്കിടക്കുന്ന വെള്ളവും ആറ്റിലെ ചെറിയ നീരുറവകളും മാത്രമാണ് ചെറിയ തോതിൽ ഒഴുക്കു നിലനിർത്തുന്നത്. പമ്പ ത്രിവേണിയും വരണ്ടിരിക്കുകയാണ്. കുന്നാർ ഡാം തുറന്നു വിട്ടാണ് ശബരിമല ഉത്സവത്തിന് എത്തുന്ന തീർഥാടകർക്കായി ജലവിതാനം ക്രമീകരിച്ചിരിക്കുന്നത്. ത്രിവേണിക്കു താഴേക്ക് തീർത്തും വെള്ളമില്ല. കിസുമം, തുലാപ്പള്ളി, അരയാഞ്ഞിലിമണ്ണ്, പൊനച്ചി, കുരുമ്പൻമൂഴി, ഇടത്തിക്കാവ് എന്നിവിടങ്ങളിൽ ആറ്റിൽ വിശാലമായ മണൽ പരപ്പുകൾ തെളിഞ്ഞിരിക്കുകയാണ്. ആറ്റിൽ ഫുട്ബോൾ ഗ്രൗണ്ടുകൾ ഒരുക്കാമെന്ന സ്ഥിതിയാണ്.

പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിക്കായി പമ്പാനദിയിലെ ഇടത്തിക്കാവിൽ നിർമിച്ചിട്ടുള്ള തടയണയ്ക്കുള്ളിൽ നിന്നാണ് എരുമേലി ജല വിതരണ പദ്ധതിക്കായി വെള്ളം പമ്പ് ചെയ്യുന്നത്. പദ്ധതിയുടെ കിണറും പമ്പ് ഹൗസും ആറിന്റെ കരയിലാണ്. പമ്പ് ഹൗസിനോടു ചേർന്ന ഭാഗത്തു മാത്രമാണ് ഇവിടെ ആറ്റിൽ കുറെയെങ്കിലും വെള്ളമുള്ളത്. അതും നേരിയ തോതിൽ മാത്രം. ബാക്കിയെല്ലായിടത്തും മണൽ പരപ്പുകൾ മാത്രമാണു കാണാനുള്ളത്. എരുമേലി പദ്ധതിക്കായി വെള്ളം പമ്പ് ചെയ്യുമ്പോൾ ആറ്റിലെ ശേഷിക്കുന്ന വെള്ളത്തിന്റെ അളവും കുറയുന്നതു കാണാം. വേഗത്തിലാണ് വെള്ളം വലിയുന്നത്. വരൾച്ച തുടരുന്തോറും ആറ്റിൽ മണൽ മാത്രം ശേഷിക്കുന്ന സ്ഥിതിയാണ്. ഇടത്തിക്കാവ് തടയണയിൽ നിന്ന് 500 മീറ്റർ താഴെ പെരുന്തേനരുവി വെള്ളച്ചാട്ടത്തോടു ചേർന്നാണ് വെച്ചൂച്ചിറ ജല വിതരണ പദ്ധതിയുടെ കിണറും പമ്പ് ഹൗസും. ഇവിടെ ആറ്റിൽ നീരൊഴുക്കേയില്ല.

പാറക്കൂട്ടങ്ങൾ മാത്രമാണു തെളിഞ്ഞു കാണാനുള്ളത്. പാറയിടുക്കിലെ നീരുറവയിൽ കെട്ടിക്കിടക്കുന്ന വെള്ളമാണ് വെച്ചൂച്ചിറ ജലവിതരണ പദ്ധതിക്കായി പമ്പ് ചെയ്യുന്നത്. വെള്ളത്തിന്റെ അളവ് കുറയുമ്പോൾ പമ്പിങ് നിർത്തും. ഇതുമൂലം സംഭരണികളിലെല്ലാം വെള്ളം എത്തിക്കാൻ കഴിയുന്നില്ല. ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമമാണ്. എരുമേലി ജല വിതരണ പദ്ധതിയുടെ കിണറ്റിൽ നിന്ന് വെച്ചൂച്ചിറ പദ്ധതിക്കും വെള്ളമെത്തിക്കാൻ ജൽജീവൻ മിഷൻ പദ്ധതിയിൽ കരാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെള്ളത്തിന്റെ തോത് ദിവസമെന്നോണം ആറ്റിൽ കുറയുന്നതിനാൽ അത് എത്രത്തോളം പ്രായോഗികമാകുമെന്ന് ഉറപ്പില്ല. ജലവൈദ്യുതി പദ്ധതികളിൽ ഉൽപാദനത്തിനു ശേഷം കക്കാട്ടാറ്റിലൂടെ ഒഴുക്കിവിടുന്ന വെള്ളമാണ് പൂവത്തുംമൂടിനു താഴെ പമ്പാനദിയിൽ ജലവിതാനം ഉയർത്തുന്നതും നീരൊഴുക്ക് നിലനിർത്തുന്നതും. കാഠിന്യം വർധിച്ചാൽ അതിനും പ്രതിസന്ധി നേരിടും.



# പൈനാപ്പിളിന് വില ഉയരുന്നില്ല, കർഷകർക്ക് നഷ്ടം

**മൂവാറ്റുപുഴ:** റമസാൻ മാസം എത്തിയിട്ടും വേനൽ ചൂട് വർധിച്ചിട്ടും പൈനാപ്പിളിനു പ്രതീക്ഷിച്ച പോലെ വില ഉയരാത്തതു കർഷകരിൽ ആശങ്ക സൃഷ്ടിക്കുന്നു. പൈനാപ്പിൾ വില റെക്കോർഡിൽ എത്തുന്ന സീസണിൽ കഴിഞ്ഞ വർഷത്തെക്കാൾ 25% വരെ കുറവു വിലയാണ് ഈ വർഷം ലഭിക്കുന്നത്. കഴിഞ്ഞ വർഷം മാർച്ചിൽ പൈനാപ്പിൾ സ്പെഷൽ ഗ്രേഡിന് 50 രൂപയാണ് ലഭിച്ചതെങ്കിൽ ഇക്കൊല്ലം ഇതുവരെ 38 രൂപയാണ് വില. കർഷകനു വില ലഭിക്കുന്നില്ലെങ്കിലും വിപണിയിൽ പൈനാപ്പിൾ 60  65 രൂപയ്ക്കാണു വിൽക്കുന്നത്.

വില ഉയരാത്തതും ചെലവു വർധിക്കുന്നതും മൂലം കർഷകർക്ക് വലിയ നഷ്ടമാണ് ഉണ്ടാകുന്നത്. തെങ്ങോലയും ഗ്രീൻ നെറ്റും ഉപയോഗിച്ച് തോട്ടങ്ങൾക്കു മീതെ പൊതയിട്ടാണു കർഷകർ ഉണക്കിനെ നേരിടുന്നത്. നനയും വർധിപ്പിച്ചു. ഇത്തരത്തിൽ ഉണക്ക് ഭീഷണി നേരിടുന്നതിനു തോട്ടങ്ങളിൽ ഏക്കറിനു 20000 രൂപ വരെ കർഷകർക്ക് കൂടുതൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്. വേനൽ ചൂട് മൂലം ഉൽപാദനം 40% കുറയുകയും ചെയ്തു. അനുകൂല കാലാവസ്ഥയിൽ തോട്ടത്തിൽ നിന്ന് 80 ശതമാനത്തോളം എ ഗ്രേഡ് പൈനാപ്പിൾ ലഭിക്കാറുണ്ട്. എന്നാൽ ഉണക്കു ബാധിച്ചതോടെ എ ഗ്രേഡ് പൈനാപ്പിൾ 50 % പോലും ലഭിക്കുന്നില്ലെന്നും കർഷകർ പറയുന്നു. ചെടികൾ ഉണങ്ങി മഞ്ഞ നിറത്തിലാകുകയും പൈനാപ്പിൾ വലുതാകാതെ നശിക്കുന്നതും തോട്ടങ്ങളിലെ വേനൽ കാഴ്ചയായി മാറിയിട്ടുണ്ട്.

# കാസ്ട്രോൾ ബ്രാൻഡ് അംബാസഡറായി ഷാരൂഖ് ഖാൻ



**കൊച്ചി :** ബിപി ഗ്രൂപ്പിന്റെ ഉപസ്ഥാപനമായ കാസ്ട്രോളിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി ഷാരൂഖ് ഖാൻ. ബിപി, കാസ്ട്രോൾ എന്നിവയുടെ അടുത്ത രണ്ട് വർഷങ്ങളിലെ പ്രചാരണങ്ങളിൽ ഷാരൂഖ് ഖാൻ പങ്കാളിയാകും. ഉയർന്ന പ്രകടനമുള്ള ലൂബ്രിക്കന്റുകൾ വിതരണം ചെയ്യുന്നതിലെ കാസ്ട്രോളിന്റെ പ്രതിബദ്ധതയുടെ ഒരു സുപ്രധാന ചുവടുവെപ്പ് അടയാളപ്പെടുത്തുന്നതാണീ ബന്ധം. ഷാരൂഖ് ഖാനെ ബ്രാൻഡ് അംബാസഡറാക്കിക്കൊണ്ട് കൂടുതൽ പ്രേക്ഷകരിലേക്ക് എത്താൻ കാസ്ട്രോൾ ലക്ഷ്യമിടുന്നു.

'നവീകരണത്തിനും മികവിനും കാസ്ട്രോൾ കാട്ടുന്ന പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു ഈ ബന്ധമെന്നു കാസ്ട്രോൾ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സന്ദീപ് സാങ്വാൻ പറഞ്ഞു.കാസ്ട്രോളുമായുള്ള പങ്കാളിത്തത്തിൽ സന്തോഷമുണ്ടെന്നു ഷാരൂഖ് ഖാൻ പറഞ്ഞു

# സിഫ്ടിൽ അന്താരാഷ്ട്ര ശിൽപശാല

**കൊച്ചി:** കേന്ദ്ര മത്സ്യ  സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്ട് യു കെ യിലെ സതാംപ്ടൺ സർവ്വകലാശാലയുമായി സഹകരിച്ച് മാർച്ച് 25,26 തീയതികളിൽ കൊച്ചിയിലെ സിഫ്ട് ക്യാമ്പസ്സിൽ വെച്ച് 'ആന്റിമൈക്രോബയൽ റെസിസ്റ്റൻസ് ആരോഗ്യ വീക്ഷണത്തോടെ കൈകാര്യം ചെയ്യുന്നതിനുള്ള പോയിന്റ് ഓഫ്കെയർ (പി ഒ സി) ടെസ്റ്റിംഗ്' എന്ന വിഷയത്തിൽ ഒരു ദ്വിദിന അന്താരാഷ്ട്ര ശില്പശാല സംഘടിപ്പിക്കുന്നു. റിസർച്ച് ഇംഗ്ലണ്ട് ഇന്റർനാഷണൽ സയൻസ് പാർട്ണർഷിപ്പ് ഒഫീഷ്യൽ ഡെവലപ്മെന്റ് അസിസ്റ്റൻസ് ആണ് ഈ അന്താരാഷ്ട്ര ശില്പശാല സ്പോൺസർ ചെയ്യുന്നത്.ശില്പശാലയിൽ ആന്റിമൈക്രോബയൽ  നെ ഫലപ്രദമായി നേരിടുന്നതിനുവേണ്ടി സതാംപ്ടൺ സർവകലാശാല വികസിപ്പിച്ചെടുത്ത നൂതനസാങ്കേതികവിദ്യകൾ ഇന്ത്യയിൽ പരിചയപ്പെടുത്താനും ഇവിടെത്തെ മത്സ്യ മൃഗഫാമുകളിൽ നടപ്പിലാക്കാനും ഉള്ള സാധ്യതകൾ പരിശോധിക്കാൻ വിദഗ്ദ്ധരുമായി ചേർന്നുള്ള ഒരു ഗവേഷണ പങ്കാളിത്തം  ഈ ശില്പശാല ലക്ഷ്യമിടുന്നു.



# കൂർക്ക കൃഷി ചെയ്യാം

മലയാളികൾ പച്ചക്കറി കടകളിൽ എത്തുമ്പോൾ കൂടുതലായി വാങ്ങാൻ ശ്രമിക്കുന്ന ഒരിനമാണ് കൂർക്ക. എന്നാൽ പല സമയങ്ങളിലും കൂർക്ക കടകളിൽ ലഭ്യമാകണമെന്നില്ല. ചിലപ്പോൾ ഒരു കിലോഗ്രാം കൂർക്കയുടെ വില 100 രൂപ വരെ കടന്ന സമയങ്ങളുമുണ്ട്. അതിനാൽ തന്നെ വിപണിയിൽ കൂർക്കയ്ക്ക് ആവശ്യക്കാരേറേയാണ്. ജൈവികമായി വിളയിച്ചെടുക്കുന്ന കൂർക്കയ്ക്ക് വിപണികളിൽ മികച്ച വിലയും ലഭിക്കാറുണ്ട്. നിലവിൽ ഒരു കിലോഗ്രാം കൂർക്കയുടെ വിപണി വില 60 രൂപയാണ്. ഒരു കിലോഗ്രാം കൂർക്ക വിത്തുപയോഗിച്ച് അഞ്ച് കിലോഗ്രാം വരെ കൂർക്ക വിളവെടുക്കാൻ സാധിക്കുന്ന ഒരു ഉഗ്രൻ കൃഷി രീതി പരിചയപ്പെടാം.

ചെറിയൊരു ഗ്രോ ബാഗോ ചെടിച്ചട്ടിയോ ഉണ്ടെങ്കിൽ കൂർക്കകൃഷി നടത്താവുന്നതാണ്. കൂർക്ക കൃത്യമായ രീതിയിൽ മുളപ്പിച്ചെടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഇതിന് ഉത്തമം ചണച്ചാക്കോ അല്ലെങ്കിൽ കോട്ടൺ തുണിയോ ആണ്. ഇവയെ നന്നായി നനച്ചെടുക്കുക. ശേഷം നല്ല കൂർക്ക വിത്തുകൾ ഇവയ്ക്കുള്ളിൽ വച്ച് പൊതിയുക.

ഇത് അധികം സൂര്യപ്രകാശം ലഭിക്കാത്ത സ്ഥലത്ത് മാ?റ്റിവച്ചാൽ അധികം താമസമെടുക്കാതെ തന്നെ കൂർക്ക മുളപ്പിച്ചെടുക്കാവുന്നതേയുള്ളൂ.മുള വന്ന ഭാഗം മുകളിലോട്ട് വച്ചാണ് മണ്ണിൽ നടേണ്ടത്. മണ്ണിൽ ചാണക പൊടി വിതറിയതിന് ശേഷമാണ് മുള വന്ന കൂർക്ക നടാനുള്ളത്. നട്ടതിന് ശേഷം രണ്ട് നേരം നന്നായി നനച്ച് കൊടുക്കുകയാണെങ്കിൽ പെട്ടന്ന് വിളവെടുക്കാൻ സാധിക്കും. വേപ്പിൻ പിണ്ണാക്ക് അടിവളയായി ഉപയോഗിക്കുന്നത് കീടങ്ങളെ പ്രതിരോധിക്കാൻ സഹായിക്കും. ഇത്തരത്തിൽ മുള വന്ന ചെടികളിൽ നിന്ന് നാമ്പ് നുള്ളിയെടുത്ത് നട്ടും കൂർക്ക വിളയിച്ചെടുക്കാം.

ഇതിന് മേൽവളം കൊടുക്കുന്നതും പ്രധാനപ്പെട്ട കാര്യമാണ്. കേഴിവളമാണ് ഇതിന് ഉത്തമം.ഇങ്ങനെ ചെയ്യുകയാണെങ്കിൽ അഞ്ച് മാസം കൊണ്ട് തന്നെ വിളവെടുക്കാവുന്നതാണ്. കൂർക്കയുടെ നാമ്പുകൾ ഉണങ്ങിതുടങ്ങുന്ന സമയം മുതൽ വിളവെടുക്കാവുന്നതാണ്.

# വിലയിൽ വൻ കുതിപ്പ്: കാപ്പിയുണ്ടെങ്കിൽ കർഷകർക്ക് നേട്ടം



ആഗോള കാപ്പി വിപണി മധുരമുള്ള വാർത്തകൾ സമ്മാനിച്ചത് ദക്ഷിണേന്ത്യൻ കർഷകരുടെ മുഖത്ത് പുഞ്ചിരി വിടർത്തി. ഉൽപാദക്കുറവും വർധിച്ച ഡിമാൻഡും അന്താരാഷ്ട്ര തലത്തിൽ അറബിക്ക, റോബസ്റ്റ കാപ്പിവിലയെ പുതിയ തലങ്ങളിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനൊപ്പം കൊച്ചു കേരളത്തിലും കർണാടകത്തിലും ഉൽപ്പന്ന വില ഓരോ മാസവും പുതിയ തലങ്ങളിലേക്കു സഞ്ചരിക്കുകയാണ്.

സംസ്ഥാനത്ത് കാപ്പിക്കൃഷിയിൽ സജീവമായുള്ളത് ചെറുകിട കർഷകരാണെങ്കിൽ അയൽ സംസ്ഥാനത്തെ സ്ഥിതി വ്യത്യസ്തമാണ്. ഉൽപാദനം നിയന്ത്രിക്കുന്നതിൽ മുഖ്യ പങ്ക് വൻകിട തോട്ടങ്ങൾക്കു തന്നെ, കൂട്ടത്തിൽ ബഹുരാഷ്ട്ര കുത്തകകളും. ചെറുകിടക്കാരിൽ വലിയപങ്കും വിളവെടുപ്പിന്റെ ആദ്യ ദിനങ്ങളിൽ തന്നെ കാപ്പി വിൽപ്പനയ്ക്ക് ഇറക്കി കാർഷികച്ചെലവിന്റെ ഭാരം കുറച്ചു.

കാപ്പി വില റെക്കോർഡ് തലത്തിൽ നീങ്ങുമ്പോഴും ഉയർന്ന കൂലിയും മറ്റു ചെലവുകളും കർഷക കുടുംബങ്ങളെ ശ്വാസം മുട്ടിക്കുന്ന അവസ്ഥയാണ് സംസ്ഥാനത്ത്. എന്നാൽ, കർണാടകത്തിലേക്കു തിരിഞ്ഞാൽ സ്ഥിതിഗതികളിൽ കാര്യമായ മാറ്റം ദൃശ്യമാണ്.

വൻകിട കാപ്പിത്തോട്ടങ്ങൾ വിളവിൽ ചെറിയ പങ്ക് മാത്രമേ ഇക്കുറിയും രംഗത്ത് ഇറക്കിയിട്ടുള്ളു. വിപണിവില വീണ്ടും ഉയരുമെന്ന വിശ്വാസം ചരക്കു പിടിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. അതിലുപരി കർഷകരോട് വിൽപ്പന നിയന്ത്രിച്ച് വിപണിയിൽ പിന്നിട്ട മൂന്ന് ദശാബ്ദത്തിനിടയിലുണ്ടായ ഏറ്റവും മികച്ച പ്രകടനത്തിന്റെ പരാമവധി നേട്ടം കൈപ്പിടിയിൽ ഒതുക്കണമെന്ന് ആഹ്വാനം കർഷക സംഘടനങ്ങൾ ഉൽപാദകർക്ക് നൽകുമ്പോൾ മറുവശത്ത് കയറ്റുമതിക്കാരുടെ നെഞ്ചിടിപ്പു കൂടുന്നു.

കയറ്റുമതി ഓർഡറുകൾ ഉറപ്പിച്ചവർക്ക് യഥാസമയം ചരക്ക് കപ്പലിൽ കയറ്റാനാകുമോയെന്ന ആശങ്ക പലരുടെയും ഉറക്കം കെടുത്തുകയാണ്. ആഭ്യന്തര കാപ്പി വില കിലോ 300 രൂപയിലേക്കു ചുവടുവച്ചു. ഉൽപാദകർ ചരക്കിൽ പിടിമുറുക്കിയാൽ വില ഉയർത്തി ചരക്ക് സംഭരിക്കുകയെന്നത് വൻ ബാധ്യത തന്നെയായി മാറുമെന്ന ഭീതിയും തല ഉയർത്തുന്നു.

റോബസ്റ്റയുടെ റെക്കോർഡ് വില കർഷകർ നേട്ടമാക്കി. അതേസമയം അറബിക്കയുടെ ഉൽപാദനച്ചെലവ് താരതമ്യേന കുറവാണെന്ന് മാത്രമല്ല, വിളവ് ഏകദേശം ഇരട്ടിയുമാണ്. വയനാട്ടിലെ മുഖ്യ കാപ്പി വിപണിയായ കൽപ്പറ്റയിൽ പരിപ്പ് ക്വിന്റലിന് 29,800 ൽ വിപണനം നടക്കുമ്പോൾ 54 കിലോ ഉണ്ട കാപ്പി വില 9000 രൂപയിലും ഇടപാടുകൾ നടന്നു. ഹൈറേഞ്ചിലെ പ്രമുഖ കാപ്പി വിപണിയായ കട്ടപ്പനയിൽ കാപ്പി പരിപ്പ് കിലോ 275 രൂപയിലും റോബസ്റ്റ 163 രൂപയിലുമാണ്.



# കുറഞ്ഞ ചിലവിൽ കുഞ്ഞൻ കൃഷി

കൃഷി എന്നുകേൾക്കുമ്പോൾ ഒട്ടുമിക്കവരുടെയും മനസിൽ വരുന്നത് ആയിരക്കണക്കിന് രൂപ മുടക്കിയുള്ള വൻ കൃഷി രീതികളാണ്. ഇതാണ് ഏറ്റവും വലിയ പ്രശ്നനവും. വൻ മുതൽമുടക്കിൽ ചെയ്യുന്ന കൃഷികൾ ക്ളച്ചുപിടിച്ചില്ലെങ്കിൽ നഷ്ടമാവുക വൻ തുകയായിരിക്കും. പിടിച്ചുനിൽക്കാൻ പോലുമാവാത്ത അവസ്ഥയാവും പിന്നെ.ഇങ്ങനെയൊരു അവസ്ഥ വരാതിരിക്കാൻ മുൻകരുതൽ എടുക്കുന്നവർക്ക് സ്വീകരിക്കാവുന്ന ഒന്നാണ് പത്തുമണി കൃഷി. തീരെ കുറഞ്ഞ മുതൽ മുടക്കേ ഇതിന് വേണ്ടിവരൂ. വിദേശിയും സ്വദേശിയും ഉൾപ്പടെ മുന്നൂറിലേറെ ഇനങ്ങളാണുള്ളത്.

ആദ്യം നമ്മുടെ നാട്ടിൽ കിട്ടുന്ന വെറൈറ്റികൾ ഉപയോഗിച്ച് കൃഷി തുടങ്ങാം. ആവശ്യക്കാരുടെ എണ്ണവും വരുമാനവും കൂടുന്നതിന് അനുസരിച്ച് മാത്രംമതി വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നത്.ചെറിയ ചട്ടികളിലോ, പ്ലാസ്റ്റിക് ബെയ്സിനുകളിലോ, നിലത്തോ ചെടി നട്ടുവളർത്താം. ചാണകപ്പൊടിയും, വെർമി കമ്പോസ്റ്റും ചകിരിച്ചോറും ചേർന്ന മിശ്രിതമാണ് ചെടി നടാൻ ഇപയോഗിക്കേണ്ടത്. അങ്ങനെയെങ്കിൽ ചെടികൾ വളരെപ്പെട്ടെന്ന് കരുത്തോടെ വളരും. ഇതിൽ നിന്ന് പുഷ്ടിയുള്ള തണ്ടുകൾ ശേഖരിച്ച് കവറിലോ ചെറുചട്ടികളിലോ നടാം. ഇതാണ് വിൽപ്പനയ്ക്ക് ഉപയോഗിക്കേണ്ടത്. തണ്ടുകൾ വാടാതെ ആവശ്യക്കാർക്ക് നേരിട്ട് അയച്ചുകൊടുക്കുകയും ചെയ്യാം. കവറിലുള്ള ഒരു ചെടിക്ക് അഞ്ചുരൂപ വരെ കിട്ടും. ഒന്നിച്ച് നഴ്സറികൾക്കാണ് വിൽക്കുന്നതെങ്കിൽ വില അല്പം കുറയും. പക്ഷേ, ഒരുമിച്ച് കൂടുതൽ ചെടികൾ വിറ്റുപോകുന്നതുകൊണ്ട് നേട്ടമുണ്ടാവും. ചെടിച്ചട്ടികളിലാണ് വിൽപ്പനയെങ്കിൽ ചട്ടിയുടെ വലിപ്പത്തിനനുസരിച്ച് വില മാറും. മികച്ച ചെടികളാണ് നൽകുന്നതെങ്കിൽ ആൾക്കാർ അന്വേഷിച്ചെത്തുമെന്നത് ഉറപ്പാണ്. ചെടികൾ തമ്മിൽ പരാഗണം ചെയ്യിക്കാൻ അറിയാവുന്നവർക്കാണെങ്കിൽ കൂടുതൽ വെറൈറ്റികൾ സ്വന്തമായി ഉണ്ടാക്കുകയും ചെയ്യാം. സോഷ്യൽമീഡിയയെ കൂട്ടുപിടിച്ചും വിൽപ്പനയെ പരിപോഷിപ്പിക്കാം. കാര്യമായ കീടരോഗബാധയൊന്നും പത്തുമണിച്ചെടികളെ ബാധിക്കില്ല. നല്ല വെയിലുള്ള സമയമാണെങ്കിൽ നന്നായി പൂവിടും. മഴക്കാലത്ത് പൂവുകളുടെ എണ്ണം കുറയും. വെള്ളം ചെടികളുടെ ചുവട്ടിൽ തങ്ങിനിൽക്കാതിരിക്കാൻ എപ്പോഴും പ്രത്യേകം ശ്രദ്ധിക്കണം

# എല്ലാ ഉപഭോക്താക്കൾക്കും എഐ, ഹൈപ്പർ കണക്റ്റിവിറ്റി സേവനങ്ങൾ



**കൊച്ചി:** ടെക് കുതുകികളായ ഇന്ത്യൻ ജനതയ്ക്ക് എഐ, ഹൈപ്പർ കണക്ടിവിറ്റി സേവനങ്ങൾ ഉറപ്പുനൽകിയതിലൂടെ ഇന്ത്യൻ വിപണിയോടുള്ള സാംസങ്ങിന്റെ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നതെന്ന് സാംസങ് ഇലക്ട്രോണിക്സ് വൈസ് ചെയർമാനും സിഇഒയും ഡിവൈസ് എക്സ്പീരിയൻസ് (ഡിഎക്സ്) ഡിവിഷൻ മേധാവിയുമായ ജോങ്ഹീ (ജെഎച്ച്) ഹാൻ അറിയിച്ചു. മുംബൈയിലെ കണക്റ്റഡ് ലൈഫ്സ്റ്റൈൽ എക്സ്പീരിയൻസ് സ്റ്റോറായ സാംസങ് ബി.കെ.സി സന്ദർശിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ടെലിവിഷനുകൾ, ഡിജിറ്റൽ ഡിവൈസുകൾ, സ്മാർട്ട്ഫോണുകൾ തുടങ്ങി പ്രൊഡക്ടുകളിൽ സാംസങ് അവതരിപ്പിച്ചിരിക്കുന്ന ഏറ്റവും പുതിയ എഐ പുതുമകൾ അനുഭവിച്ചറിയുവാൻ അദ്ദേഹം ഉപഭോക്കളെ സ്വാഗതം ചെയ്തു.

മുഴുവൻ ഉപഭോക്താക്കൾക്കും എഐ, ഹൈപ്പർ കണക്റ്റിവിറ്റി സേവനങ്ങൾ വാഗ്ദാനം ചെയ്യാൻ കമ്പനി ആഗ്രഹിക്കുന്നു. 'എഐ ഫോർ ഓൾ' എന്ന സാംസങ്ങിന്റെ കാഴ്ചപ്പാടിന്റെ സാക്ഷാത്കാരമാണ് സാംസങ് ബികെസി സ്റ്റോർ. സ്റ്റോറിന്റെ വിവിധ സോണുകളിൽ, ഉപഭോക്താക്കൾക്ക് ഞങ്ങളുടെ എഐ കാഴ്ചപ്പാട് യാഥാർത്ഥ്യത്തിൽ കാണാനും മികച്ച അനുഭവങ്ങൾ നമ്മുടെ ജീവിതത്തെ എങ്ങനെ പുനർനിർവചിക്കുമെന്ന് അനുഭവിക്കാനും കഴിയുമെന്നും അദ്ദേഹം പറഞ്ഞു. ആഗോളതലത്തിൽ ഏറ്റവും വലുതും അതിവേഗം വളരുന്നതുമായ വിപണികളിലൊന്നാണ് ഇന്ത്യയെന്നും സാംസങ്ങിന് വലിയ അവസരമാണ് വാഗ്ദാനം ചെയ്യുന്നതെന്നും ഹാൻ കൂട്ടിച്ചേർത്തു.
' 'എഐ ഫോർ ഓൾ' കാഴ്ചപ്പാടിന്റെ ഭാഗമായി ജനുവരിയിൽ സാംസങ് ഗാലക്സി എ. ഐയുടെ പുതിയ ഗാലക്സി എസ് 24 സ്മാർട്ട് ഫോൺ സീരീസ് പുറത്തിറക്കിയിരുന്നു.

# ഈസ്റ്റർ വിഭവങ്ങളുമായി ഒ കഫെയിൽ സ്പെഷ്യൽ ബ്രഞ്ച്



**തിരുവനന്തപുരം:** തിരുവനന്തപുരം ഒ ബൈ താമര ഒ കഫേയിലെ ഈസ്റ്റർ തീമ്ഡ് ബ്രഞ്ചാസ്വദിച്ച് ഈസ്റ്റർ ആഘോഷം മനോഹരമാക്കാം. മാർച്ച് 31ന് ഉച്ചയ്ക്ക് 12 മുതൽ വൈകീട്ട് 4 വരെയാണ് സിറിയൻ രുചിവൈവിധ്യങ്ങൾ ഉൾപ്പെടെ ലോകത്തെ സവിശേഷ വിഭവങ്ങളെല്ലാം ഒന്നുചേരുന്ന ഈസ്റ്റർ ബ്രഞ്ച് ഒ കഫേയിൽ സജ്ജമാക്കിയിരിക്കുന്നത്. ക്ലാസിക് ഈസ്റ്റർ പൈ, വിവിധങ്ങളായ ഡെസേർട്ടുകൾ തുടങ്ങിയവയെല്ലാം സ്പെഷ്യൽ ബ്രഞ്ചിലുണ്ടാകും.

അൺ ലിമിറ്റഡ് കാൻഡ് ജ്യൂസുകളും, കോഫിയും ടീയും അടങ്ങിയ നോൺ ആൽക്കഹോൾ പാക്കേജ് ഉൾപ്പെടെയുള്ള സ്പെഷ്യൽ പാക്കേജുകൾ ഉപഭോക്താക്കൾക്കായി ഒ കഫേ വാഗ്ദാനം ചെയ്യുന്നു. ഒരാൾക്ക് 2099 രൂപയായിരിക്കും നോൺ ആൽക്കഹോൾ പാക്കേജിന്റെ നിരക്ക്. 6 മുതൽ 12 വയസ്സുവരെയുള്ള കുട്ടികൾക്ക് 1200 രൂപയ്ക്ക് ബ്രഞ്ച് ആസ്വദിക്കാം.

സ്പെഷ്യൽ ബ്രഞ്ചിന് പുറമേ, ലാ ബെല്ല വിറ്റയിൽ മാർച്ച് 25 മുതൽ 31 വരെ ഈസ്റ്റർ സ്പെഷ്യൽ പേസ്ട്രികളും ഉപഭോക്താൾക്ക് ലഭ്യമാകും. ഹോട്ട് ക്രോസ് ബൺസ്, ചീഫ് ഫ്രോസ്റ്റഡ് കാരറ്റ് കേക്കുകൾ, ഈസ്റ്റർ എഗ്സ്, വൈറ്റ് ചോക്കലേറ്റ് മക്രോൺസ്, ഹോം മേഡ് ചോക്ലേറ്റ്സ്, ഈസ്റ്റർ ഹാംപറുകൾ തുടങ്ങിയ പല രുചി വൈവിധ്യങ്ങളുമായി ഈ ഈസ്റ്റർ ഒ കഫേയിൽ അവിസ്മരണീയമാക്കാം.




# ബാങ്ക് ഓഫ് മഹാരാഷ്ട്ര ഹിന്ദി സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ബാങ്ക് ഓഫ് മഹാരഷ്ട്ര ഫ്യൂച്ചർ ബാങ്കിംഗ് എന്ന വിഷയത്തിൽ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഇൻഷുറൻസ് കമ്പനികൾ എന്നിവയ്ക്കായി ആൾ ഇന്ത്യ ഹിന്ദി സെമിനാർ സംഘടിപ്പിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ഔദ്യോഗിക ഭാഷാ സെക്രട്ടറി അൻഷുലി ആര്യ മുഖ്യാതിഥിയായിരുന്നു. ബാങ്ക് ഓഫ് മഹാരാഷ്ട്ര എക്സിക്യൂട്ടീവ് ഡയറക്ടർ അഷീഷ് പാണ്ഡെ അധ്യക്ഷത വഹിച്ചു. ജനറൽ മാനേജർ ചിത്ര ദത്തർ, എച്ച് ആർ എം ജനറൽ മാനേജർ കെ. രാജേഷ് കുമാർ, സോണൽ മാനേജർ ഹരി ശങ്കർ വാട്സ്, ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ. രാജേന്ദ്ര ശ്രീവാസ്തവ എന്നിവർ പങ്കെടുത്തു.

ധനമന്ത്രാലയത്തിലെ ധനകാര്യ സേവന വകുപ്പ് ഡയറക്ടർ ജഗ്ജീത് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ ധരംഭിർ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. വിവിധ ബാങ്കുകളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ, ഹിന്ദി ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

രാജ്യത്തെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളുമെന്നും നിരവധി സർക്കാർ പദ്ധതികൾ ബാങ്കിംഗ് സേവനങ്ങളിലൂടെ ബാങ്കുകളും നടപ്പാക്കുന്നുണ്ടെന്ന് അൻഷുലി ആര്യ പറഞ്ഞു. നിലവിലെ സാഹചര്യത്തിൽ ബാങ്കിംഗിൽ ഹിന്ദിയും പ്രാദേശിക ഭാഷകളും ഉപയോഗിക്കുന്നത് വളരെ പ്രധാനമാണെന്നും വിദൂര പ്രദേശങ്ങളിൽ നിന്നുള്ള ഉപഭോക്താക്കൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും അൻഷുലി ആര്യ പറഞ്ഞു. ബാങ്ക് ഓഫ് മഹാരാഷ്ട്രയും മറ്റ് സ്ഥാപനങ്ങളും ഈ ദിശയിൽ നടത്തുന്ന ശ്രമങ്ങളെ അവർ അഭിനന്ദിച്ചു.

# കുസാറ്റ്: വനിതാ പഠന കേന്ദ്രത്തിൽ നാഷണൽ സെമിനാർ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സ്ത്രീ പഠന കേന്ദ്രം നടത്തുന്ന ദ്വിദിന ദേശീയ സെമിനാർ ആരംഭിച്ചു.

സർവകലാശാല വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സ്ത്രീ പഠന കേന്ദ്രം ഡയറക്ടർ ഡോ.കെ.അജിത അധ്യക്ഷത വഹിച്ചു. കേരള സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ് എക്സ്പെർട്ട് മെമ്പർ മിനി സുകുമാർ മുഖ്യ പ്രഭാഷണം നടത്തി.ഡോ.വാണി കേസരി, ഡോ.പി.കെ.റെജുല, ഡോ.ദേവി സൗമ്യജ, ഡോ.സംഗീത പ്രതാപ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com